**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ തുക സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം.562/2022/തസ്വഭവ. തിരുവനന്തപുരം, തീയതി.09/03/2022**

---

പരാമർശം:-1. 14/02/2018 -തീയതിയിലെ സ.ഉ(സാധാ).22/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 03/08/2021-തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ പിഎഎൻ/7579/2021-എം3(ഡിപി) നമ്പർ കത്ത്.

3. 14/01/2022-തീയതിയിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഡി.കെ.എസ്.എ/2862/പി.റ്റി1 -2021 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം 2,26,413/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാനൂറ്റി പതിമൂന്ന് രൂപ മാത്രം) ചെലവഴിച്ചത് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ടി തുക ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. 2,26,413/- രൂപ ചെലവഴിച്ചത് ഡ്രൈവർമാരുടെ ശമ്പളം ഇനത്തിൽ -1,03,000/-രൂപയും മെയിന്റനൻസ് ചെലവ് ഇനത്തിൽ- 30,160/- രൂപയും, ഇൻഷുറൻസ്/ടാക്സ് ഇനത്തിൽ-93,253/-രൂപയും ചേർന്നതാണ്. മുഖത്തല ഗവൺമെന്റ് എൽ. പി സ്കൂളിലും, ചെറിയമല ഗവ.എൽ.പി സ്കൂളിലും പഠിക്കുന്ന കുട്ടികളെല്ലാം സമൂഹത്തിന്റെ താഴെതട്ടിലുള്ളവരായതിനാലും, വാഹനസൗകര്യം ലഭ്യമാകാതെ കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സ്ഥിതി ഉണ്ടാവുകയും, 2017-18 വർഷം പി.റ്റി.എ ഫണ്ട് ലഭ്യമല്ലാതിരിക്കുകയും ചെയ്ത സാഹചര്യത്തിലാണ്, സർക്കാർ പ്രഖ്യാപിച്ച നവകേരളമിഷന്റെ ഭാഗമായ പൊതുവിദ്യാഭ്യാസ യജ്ഞം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കുക എന്ന തദ്ദേശസ്ഥാപനങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനായി ബസ്സുകളുടെ ചെലവ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. സ്കൂൾ ബസ്സിന്റെ സുഗമമായ പ്രവർത്തനം മൂലം കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന അവസ്ഥയിൽ നിന്നും കുട്ടികൾ ഗണ്യമായി വർദ്ധിക്കുന്ന സ്ഥിതിയിലേയ്ക്ക്

സ്കൂൾ എത്തിച്ചേർന്നുവെന്നും, ബസ്സിന്റെ സുഗമമായ പ്രവർത്തനം സ്കൂളിനും, ടി സ്കൂളിലെ സമൂഹത്തിന്റെ താഴെതട്ടിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും അത്യന്താപേക്ഷിതമായിരുന്നുവെന്നും, ആയതിനാൽ മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

സർക്കാർ പ്രഖ്യാപിച്ച നവകേരളമിഷന്റെ ഭാഗമായ പൊതുവിദ്യാഭ്യാസ യജ്ഞം ഫലപ്രദമായി നടപ്പിലാക്കി, വിദ്യാർത്ഥികൾക്ക് ആവശ്യമായ ഭൗതികസാഹചര്യം ഒരുക്കുക യെന്ന തദ്ദേശസ്ഥാപനങ്ങളുടെ കർത്തവ്യനിർവ്വഹണത്തിനായാണ് ബസ്സുകളുടെ ചെലവ് പ്രോജക്ടിൽ ഉൾപ്പെടുത്തിയതെന്നും, സ്കൂൾ ബസ്സിന്റെ സുഗമമായ പ്രവർത്തനം മൂലം കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന അവസ്ഥയിൽ നിന്നും കുട്ടികൾ ഗണ്യമായി വർദ്ധിക്കുന്ന സ്ഥിതിയിലേയ്ക്ക് സ്കൂൾ എത്തിച്ചേർന്നുവെന്നും, ടി സ്കൂളിലെ സമൂഹത്തിന്റെ താഴെതട്ടിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ബസ്സിന്റെ സുഗമമായ പ്രവർത്തനം അത്യന്താപേക്ഷിതമായിരുന്നുവെന്നുമുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10/03/2020 തീയതിയിലെ ലെ 1/10 -ാം തീരുമാനം, കൊല്ലം ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 04/06/2021 തീയതിയിലെ 1-ാം നമ്പർ അനുകൂല തീരുമാനം, എന്നിവ പരിഗണിച്ച് ഖണ്ഡികകളിൻമേൽ സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ എടുക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സ്കൂൾ ബസ്സിന്റെ സുഗമമായ പ്രവർത്തനം മൂലം കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന അവസ്ഥയിൽ നിന്നും കുട്ടികൾ ഗണ്യമായി വർദ്ധിക്കുന്ന സ്ഥിതിയിലേയ്ക്ക് സ്കൂൾ എത്തിച്ചേർന്നുവെന്നും, ടി സ്കൂളിലെ സമൂഹത്തിന്റെ താഴെതട്ടിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ബസ്സിന്റെ സുഗമമായ പ്രവർത്തനം അത്യന്താപേക്ഷിതമായിരുന്നുവെന്നുമുള്ള വസ്തുതയും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്, പഞ്ചായത്ത് ഭരണസമിതി, ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ, ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ചും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ 2,26,413/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാനൂറ്റി പതിമൂന്ന് രൂപ മാത്രം) സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**